ഉത്തരം

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായുള്ള കേരള സർക്കാരിന്റെ നയം 3-4-2002-ലെ ജി. ഒ. (എംഎസ്.) 16/02/സ്റ്റെഡ് പ്രകാരം നിലവിൽവന്നു. പിന്നീട് പ്രസ്തുത നയം വൈദ്യുതി ആക്ട് 2003 അനുസരണമായും കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് സ്വകാര്യ ഉല്പാദകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 6-11-2004-ലെ ജി. ഒ. (എംഎസ്.) 23/2004/പി.ഡി. പ്രകാരം കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

(ബി) ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ, എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് വന്നതിനുശേഷം കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള പുതുക്കിയ മാർഗ്ഗരേഖകൾ 6-11-2004-ലെ ജി. ഒ. (എംഎസ്.) 23/2004/പി.ഡി. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ അനർട്ടിന് അനുവദിച്ച 149.10.53 ഹെക്ടർ ഭൂമിയുടെ സർവ്വേ പുരോഗമിച്ചുവരികയാണ്.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) പുതിയമാർഗ്ഗ രേഖകളുടെ അടിസ്ഥാനത്തിൽ രാമക്കൽമേട്ടിലെ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്കുവേണ്ടി പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഉദ്ദേശം രണ്ടു വർഷത്തിനകം പദ്ധതി പൂർണ്ണതോതിൽ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

തിരമാലയിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി

T15 [788] ശ്രീ. സി. ടി. അഹമ്മദ് അലി :
,, കളത്തിൽ അബ്ദുള്ള :
,, ടി. പി. എം. സാഹിർ:
,, ചെർക്കളം അബ്ദുള്ള :
,, ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരമാലകളിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതിയുടെ ജോലി പൂർത്തിയായോ ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
'T'—മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയിൽ നിന്നും ഉൽപ്പാദിപ്പിക്കാൻ സാധിക്കുന്ന വൈദ്യുതിയുടെ അളവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) മറ്റു പദ്ധതികളുമായി താരതമ്യപ്പെടുത്തിയാൽ തിരമാലകളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദന ചെലവ് കുറവാണോ ;

(ഡി) എങ്കിൽ ഈ പദ്ധതി കൂടുതൽ സ്ഥലങ്ങളിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുമോ ?

ഉത്തരം

(എ, ബി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചെന്നൈയുടെ ഒരു ഗവേഷണ പദ്ധതിയായി ആരംഭിച്ച തിരമാലയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി 1996-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിക്ക് കൈമാറി. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഏകദേശം 10-15 KW വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ട്.

(സി) അല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി

T16 [789] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ അനർട്ടിന്റെ നേതൃത്വത്തിൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഏതെല്ലാം ഘട്ടങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(സി) ബാക്കി നിർമ്മാണ ജോലികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഡി) ഇതേ പ്രദേശത്ത് തമിഴ്നാട് സർക്കാർ അതിർത്തിയിൽ കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

'T'—മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly